

Project Type: Residence
Location: Perumanna, Farook
Designer: Sumith lal, Vijesh & Irshad
Colonial style
Plot: 2900 sq. ft

Project name: MT house
Client: Mr. Rasheed
Design Style: Contemporary
Area: 14 cent
Completed In: 2015











ലളിതം സുന്ദരം. പെരുമണ്ണയിൽ ഇൻട്രാസ്കെച്ചിലെ ചീഫ് ഡിസൈനർമാരായ സുമിത് ലാൽ, വിജേഷ്, ഇർഷാദ് എന്നിവർ ചേർന്ന് ഡിസൈൻ ചെയ്ത വീടിനെ ഇങ്ങനെ നിർവചിക്കാം. ഒരു തരത്തിലുമുള്ള ആർഭാടത്തിന്റെയും ബഹളങ്ങളില്ലാതെ പരിശുദ്ധിയുടെ നിറമായ വെളുപ്പ് എന്ന് തീമിലാണ് വീട് ഡിസൈൻ ചെയ്തിരിക്കുന്നത്. വിപണിയിൽ ലഭ്യമായ മുഴുവൻ പ്രൊഡക്ടുകളും ഉപയോഗിച്ച് കെട്ടിപൊക്കിയ വൻ കൊട്ടാരങ്ങൾക്ക് നടുവിൽ തികഞ്ഞ ഒതുക്കത്തോടെ, ആവശ്യങ്ങൾക്കുമാത്രം പ്രാധാന്യം നൽകി ലാളിത്യത്തിന്റെ പര്യായം പോലെ ഈ വീടു നിൽക്കുന്നു! വിദേശത്ത് ബിസിനസ്സ് ചെയ്യുന്ന റഷീദാണ് 2900 സ്ക്വയർ ഫീറ്റിലുള്ള ഈ വീടിന്റെ ഉടമ. പ്രത്യേകിച്ച് ഡിമാന്റുകൾ ഒന്നുമില്ലാതെയാണ് ഈ പ്രൊജക്റ്റ് റഷീദ് ഡിസൈനേഴ്സിനെ ഏൽപ്പിച്ചത്. ക്ലൈന്റ് നൽകിയ സ്വാതന്ത്ര്യം ഈ പ്രൊജക്റ്റിന്റെ പൂർത്തീകരണത്തിന് ഏറെ ഗുണം ചെയ്തെന്ന് ഡിസൈനർമാരും പറയുന്നു.

മെറ്റൽ വിരിച്ച വിശാലമായ മുറ്റത്തിന് അനുയോജ്യമായി പരിസ്ഥിതിയെ നോവിക്കാതെ ചെയ്ത ലാൻഡ്സ്കേപ്പ്. എക്സ്റ്റീരിയറിലും ഇന്റീരിയറിലും വെളുപ്പ് തന്നെയാണ് ഹൈലൈറ്റ് കളർ. നാച്ചുറൽ സ്റ്റോണു കൊണ്ടാണ് ഇവിടെയുള്ള തൂണുകൾ ക്ലാഡിംഗ് ചെയ്തിരിക്കുന്നത്. കാർപോർച്ചിനു സമീപമാണ് ഗ്രാനൈറ്റ് പാകിയ ചെറിയ സിറ്റൗട്ടിന്റെ സ്ഥാനം. ഒരാർഭാടവും ഇല്ലാതെ ചെയ്ത മെയിൻ വാതിൽ തേക്കിന്റേതാണ്. വാതിൽ തുറന്ന് എത്തുന്നത് ഡബിൾ ഹൈറ്റിൽ ചെയ്ത ലിവിംഗ് റൂമിലേക്കാണ്. ഇവിടെയും ഗ്രാനൈറ്റ് തന്നെയാണ് ഫ്ളോറിംഗിന് ഉപയോഗിച്ചിരിക്കുന്നത്. ലിവിംഗിലാണ് കോർട്ട്യാർഡിന്റെയും സ്ഥാനം. ക്ലാഡിംഗ് ചെയ്ത വാളും പെബിൾസും ഇൻഡോർ പ്ലാന്റും കൊണ്ട് ഒരുക്കിയ കോർട്ടും ഈ ഏരിയയ്ക്ക് മിഴിവേകുന്നു. ലിവിംഗിൽ സോഫ സെറ്റു ചെയ്തിടത്തും കോർട്ട്യാർഡിനു മുകളിലും സീലിംഗിൽ പർഗോള ഡിസൈൻ കൊടുത്തിട്ടുണ്ട്. ലെതറിൽ ഡിസൈൻ ചെയ്ത സോഫ സെറ്റ് കസ്റ്റമെയ്ഡ് ആണ്. ഗ്ലാസിൽ തീർത്ത ഒരു റൊട്ടേറ്റിങ് ടിപോയും ലിവിംഗിലുണ്ട്. ലിവിംഗിലെ വിൻഡോയ്ക്ക് വെർട്ടിക്കൽ ബ്ലൈൻഡ് നൽകി. ടിവി പാനൽ കൊടുത്ത





ചുമരിനെയും ഹൈലൈറ്റ് ചെയ്തെടുത്തിട്ടുണ്ട്. പാർട്ടീഷൻ വാളിനെ പ്ലൈവുഡും വെനീറും സ്റ്റീലും കൊണ്ട് പാനൽ ചെയ്തിരിക്കുന്നു. ഒപ്പം ചെയ്ത ഗ്രിൽ ബോർഡും ഏറെ ആകർഷകമാണ്.

ലിവിംഗിനു സമീപം തന്നെ സ്റ്റഡി റൂമിനായി ചെറിയൊരു സ്പെയ്സ് കൊടുത്തിട്ടുണ്ട്. ഈ സ്പെയ്സ് വീട്ടിലെ ഹൈലൈറ്റ് ഏരിയയാണ്. വുഡിൽ തീർത്ത് മനോഹരമായ ബുക്ക് ഷൽഫ് ആണ് ഇവിടുത്തെ മറ്റൊരു താരം. ഇതല്ലാതെ വേറെ ഫർണിച്ചറുകളൊന്നും നൽകിയിട്ടില്ല. വിൻഡോക്ക് പകരം തേക്കു കൊണ്ട് പർഗോള ചെയ്തിരിക്കുന്നു. തേക്ക്, സ്റ്റീൽ, ഗ്ലാസ് മെറ്റീരിയലിൽ ചെയ്ത സ്റ്റെയർ കൂടി ലിവിംഗിനോട് ചേർന്നുണ്ട്.

ഡൈനിംഗ് ഓപ്പൺ കൺസെപ്റ്റിലാണ്. പ്രദേശികമായി ലഭ്യമായ കുമിഴ് വുഡിലാണ് ഡൈനിംഗ് ടേബിളും ചെയറുകളും ചെയ്തിരിക്കുന്നത്. ഡൈനിംഗ് ടേബിളിലും ടിവി പാനലിൽ ചെയ്ത ഡിസൈൻ തന്നെ പിൻതുടർന്നിരിക്കുന്നു. ഗ്രാനൈറ്റിൽ തന്നെയാണ് ഫ്ളോർ. ഡൈനിംഗിൽ ഒരു ക്രോക്കറി ഷെൽഫും നിഷും കൊടുത്തിട്ടുണ്ട്. വാഷ് ഏരിയ മൾട്ടിവുഡിലാണ് ചെയ്തിരിക്കുന്നത്. വാൾ ക്ലാഡ് ചെയ്ത് മിറർ നൽകിയിട്ടുണ്ട് ഇവിടെ. വാഷ് ഏരിയക്കു താഴെ ഒരു പെബിൾസ് ബോക്സും ചെയ്തിട്ടുണ്ട്. അരികിലായി നിഷുകളും കാണാം.

കിച്ചണിലും പർഗോള ഡിസൈൻ ആവർത്തിച്ചിട്ടുണ്ട്. ഗ്രേ വൈറ്റ് കോമ്പിനേഷൻ തന്നെ അടുക്കളയിലും പിൻതുടർന്നിട്ടുണ്ട്. കബോർഡ്സ് എല്ലാം മൾട്ടിവുഡിലാണ് ചെയ്തിരിക്കുന്നത്. ഒരു ട്രോൾ യൂണിറ്റു കൂടി





## Meet the Designers

**Sumith lal, Vijesh & Irshad**
**Firm:** Intrasketch
**Address:** Intrasketch, Architectural interior designers, Airport road, Ramanattukara
intrasketch@gmail.com. **Web:** www.intrasketch.com
**Tele:** 8281353595, 8281353596, 9947514016

അടുക്കളയിൽ നൽകിയിട്ടുണ്ട്.

രണ്ട് ബെഡ്റൂമാണ് ഇവിടെ ഉള്ളത്. അതിലൊന്ന് കിഡ്സ് റൂമാണ്. പിങ്ക് നിറത്തിലാണ് ഈ റൂമിന്റെ തീം ഒരുക്കിയത്. ഹെഡ്റെസ്റ്റിൽ കൊടുത്ത ഓവൽ ഷെയ്പ്പ് ഡിസൈൻ തന്നെ വാർഡ്രോബിലും, സീലിംഗിലും പിൻതുടർന്നു. ബെഡ്റൂമിലെ ഫർണിച്ചർ എല്ലാം കുമിഴ് വുഡിൽ തന്നെയാണ് ചെയ്തിരിക്കുന്നത്. ഇത് ക്ലൈന്റിന്റെ നിർദേശത്തിൽ ആയിരുന്നു. പിങ്ക് റോയൽ പ്ലെയിൻ ടെക്സ്ച്ചറിൽ ഒരു വാൾ ഹൈലൈറ്റും നൽകി. സീലിംങ് ജിപ്സം ബോർഡിലാണ് ചെയ്തിരിക്കുന്നത്. തേക്കിൻ തടിയിൽ ചെയ്ത ജനലിന് റോമൻ കർട്ടൻ നൽകി. കട്ടിൽ പ്ലൈവുഡിൽ കസ്റ്റമെയ്ഡായി നിർമ്മിച്ചെടുത്തതാണ്.

വളരെ വിശാലമാണ് മാസ്റ്റർ ബെഡ്റൂം. വിൻഡോയ്ക്ക് മുകളിൽ സീലിംഗ് ചെയ്തിരിക്കുന്നത് വെനീറിലാണ്. മാസ്റ്റർ റൂമിലെ ബെഡും വാർഡ്രോബും കുമിഴ് വുഡിലാണ് ചെയ്തിരിക്കുന്നത്. ഗ്രാനൈറ്റ് തന്നെയാണ് ഇവിടെയും ഫ്ളോറിംഗ്. ജനലിന് ബ്ലൈൻഡ്സ് നൽകി. ബെഡ് ഹെഡിൽ ലെതർ കുഷ്യൻ വർക്ക് കൊടുത്തിട്ടുണ്ട്. ആർഭാടം ഒഴിവാക്കി വീട്ടിൽ വെളിച്ചത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

ഫോട്ടോ: അജീബ് കൊമാച്ചി
റിപ്പോർട്ട്: അനുശ്രീ കൃഷ്ണ

## Owner's File

